# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

17.06.2019-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2749

### കുപ്പിവെള്ള വിലനിയന്ത്രണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. വിൻസെന്റ്<br>,, കെ.എസ്.ശബരീനാഥൻ<br>,, സണ്ണി ജോസഫ്<br>,, അനിൽ അക്കര | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുപ്പിവെള്ള വില നിയന്ത്രിക്കുവാൻ സംസ്ഥാനത്ത് കുപ്പി വെള്ളത്തെ അവശ്യ വസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനം ഇറക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | 1986-ലെ കേരള എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ടിന്റെ ക്ലോസ്സ് (എ) സെക്ഷൻ 2 പ്രകാരം കുപ്പിവെള്ളം ആവശ്യ വസ്തുവായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |
| (ബി) | കുപ്പിവെള്ള നിർമാണ കമ്പനികളുടെ സംഘടന ഒരു ലിറ്റർ കുപ്പിവെള്ളം 12 രൂപ വിലയ്ക്ക് വിൽക്കുവാൻ തയ്യാറാണെന്ന് അറിയിച്ചിട്ടും അത് പ്രാവർത്തികമാക്കുവാൻ സാധിക്കാതെ വന്നത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഒരോ നിർമ്മാതാക്കളും അവരവരുടെ നിർമ്മാണ ചെലവ് അടിസ്ഥാനാക്കി വ്യത്യസ്തമായ എം.ആർ.പി ആണ് നിശ്ചയിച്ച് അറിയിച്ചത്. ഒരു ലിറ്റർ ബോട്ടിലിന് 11/-രൂപ നിരക്കിൽ സപ്ലൈകോ വില്പന ശാലകൾ വഴി നിലവിൽ കുപ്പിവെള്ളം വിതരണം ചെയ്തു വരുന്നു. റേഷൻ കടകൾ വഴിയും ഇതേ വിലയ്ക്ക് കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (സി) | വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ അരുവിക്കര പ്ലാന്റിൽ നിന്നും കുപ്പിവെള്ളം നിർമ്മിക്കുന്ന പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | വാട്ടർ അതോറിറ്റിയുടെ അരുവിക്കര പ്ലാന്റിൽ നിന്നും കുപ്പിവെള്ളം നിർമ്മിക്കുന്ന പദ്ധതിയുടെ പണികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബി.ഐ.എസ് ന്റെ ഇൻസ്‌പെക്ഷൻ 22/05/2019 ന് പൂർത്തിയായി. BIS,FSSAI എന്നിവയുടെ അനുമതി ലഭ്യമാകുന്ന മുറക്ക് കുപ്പിവെള്ളം വിപണിയിലെത്തിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ